# സ്വഹാബികളെ പിന്തുടരുക:

## അവർ കാപട്യമേശാത്ത വിശുദ്ധർ

### ശൈഖ് മുഹമ്മദ് സ്വലാഹ് മുഹമ്മദ് അസ്സ്വാവി

വിവ. കബീർ എം. പറളി

സ്വഹാബികൾ സ്വർഗാവകാശികളാണെന്നും, ഖിയാമത്തുനാളിൽ അവർക്ക് മാന്യവും ആദരണീയ വുമായ അനുഗ്രഹങ്ങൾ ലഭിക്കുമെന്നും ഉള്ള സംഗതികൾ ഖണ്ഡിതമായ ഖുർആനിക രേഖക ളിലൂടെ കഴിഞ്ഞ അധ്യായത്തിൽ നാം വായിക്കുകയുണ്ടായി. സൽകർമ്മധാരികളായ പ്രവാചക ശിഷ്യന്മാർ മുനാഫിഖുകളായിരുന്നുവെന്ന പച്ചക്കള്ളം റാഫിദികൾ നിർലജ്ജം ആരോപിക്കാറുണ്ട്. മദീനയിൽ, പ്രവാചക സദസ്സിൽ മുനാഫിഖുകളുടെ സാന്നിധ്യമുണ്ടായിരുന്നു എന്ന വസ്തുതയെ അവലംബമാക്കി, മഹാന്മാരായ പ്രവാചക ശിഷ്യരേയും നിഫാഖ് കൊണ്ട് അവമതിക്കാനുള്ള ശ്രമമായിരുന്നു അത്. സുബ്ഹാനല്ലാഹ്!

മുനാഫിഖുകളേയും മുഹ്സിനുകളേയും വിവേകികൾക്ക് വേർതിരിച്ച് മനസ്സിലാക്കാനാകും വിധം കൃത്യമായ കാര്യങ്ങൾ അല്ലാഹു സുബ്ഹാനഹു വതആല സുതരാം വ്യക്തമാക്കിയിട്ടുണ്ട്. മുനാഫിഖുകൾ നരകാവകാശികളാണ്. എന്നല്ല, അവർ നരകത്തിന്റെ അഗാധഗർത്തത്തിലാണ്. കപട വിശ്വാസികളുടെ പരിണതിയെപ്പറ്റിയുള്ള അല്ലാഹുവിന്റേതായി വന്ന പ്രസ്താവനകൾ കാണുക:

بشرِ الْمنافقين بِأن لَهم عذَابا أَليما (النساء: 138

കപടവിശ്വാസികൾക്ക് വേദനയേറിയ ശിക്ഷയുണ്ട് എന്ന സന്തോഷവാർത്ത നീ അവരെ അറിയി ക്കുക. (നിസാഅ്: 138)

إِن الْمنافقين في الدرك الْأَسفَلِ من النارِ ولَن تجِد لَهم نصيرا (النساء: 145

തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു. അവർക്കൊരു സഹായി യെയും നീ കണ്ടെത്തുന്നതല്ല. (നിസാഅ്: 145)

ഇതാണ് കപടവിശ്വാസികളുടെ ഗതി. എന്നാൽ നബി(സ്വ)യുടെ അനുചരന്മാരെപ്പറ്റിയുള്ള പ്രസ്താ വനകളൊ? അവരർഹിക്കുന്ന പദവിയും പരിശുദ്ധിയുമാണ് പടച്ചതമ്പുരാൻ അവർക്കായി നൽകിയി ട്ടുള്ളത്. അവർ സ്വർഗത്തിന് അവകാശികളാണെന്ന പ്രസ്താവന ഖുർആനിലെമ്പാടും നിറഞ്ഞു നിൽപ്പുണ്ട്. തബൂക്ക് യുദ്ധത്തിൽ പങ്കെടുത്ത മുപ്പതിനായിരം വരുന്ന സ്വഹാബത്ത്, ബൈഅത്തു റിദ്‌വാനിൽ പങ്കുകൊണ്ട ആയിരത്തിനാനൂറ് സ്വഹാബികൾ, ബദർ യുദ്ധത്തിൽ പോരാടിയ മുന്നൂറ്റി പതിമൂന്ന് യോദ്ധാക്കൾ; ഇവരെല്ലാവരും അനുഗ്രഹങ്ങൾ നിറഞ്ഞൊഴുകുന്ന സ്വർഗീയാരാമങ്ങളുടെ അവകാശികളാണെന്ന് ഖുർആൻ പ്രത്യേകം പ്രഖ്യാപിച്ചിട്ടുള്ളതാണ്. അല്ലാഹുവിനാൽ പുകഴ്ത്ത പ്പെടുകയും, സന്തോഷവാർത്തകളറിയിക്കപ്പെടുകയും ചെയ്തിട്ടുള്ള ഈ മഹത്തായ സംഘം മുനാഫിഖുകളായിരുന്നു എന്ന് പറയാൻ അനിതരസാധാരണമായ ധാർഷ്ട്യം തന്നെ വേണം! അല്ലാഹു ഒന്ന് പ്രഖ്യാപിക്കുക, സ്വഹാബികൾ അതിന് വിരുദ്ധമായി മറ്റൊന്ന് പ്രവർത്തിക്കുക! അങ്ങിനെയൊന്നുണ്ടാകുമൊ? അസംഭവ്യമാണത്; പടച്ചവൻ എത്ര മഹോന്നതൻ!

അപ്പോൾ, മദീനയിൽ മുനാഫിഖുകളുണ്ടായിരുന്നതോ? അതെ, മദീനയിൽ കപടവിശ്വാസികൾ ഉണ്ടായിരുന്നു എന്നത് നേരാണ്. അവർ പക്ഷെ, മുസ്‌ലിം ഉമ്മത്തിനിടയിൽ ആർക്കും കാണാ നാകാത്തവിധം സഞ്ചരിച്ചുകൊണ്ടിരുന്ന പ്രേതങ്ങളൊന്നുമായിരുന്നില്ല. ഏവർക്കും പരിചിതരായ ചെറിയ ഒരു സംഘം മാത്രമായിരുന്നു അവർ. നിന്ദ്യതയുടെ പാതവക്കിൽ അവഗണിക്കപ്പെട്ടു കിടന്ന നന്നേ ചെറിയ നീചസംഘം. അതിലപ്പുറം അവർ ഒന്നുമല്ലായിരുന്നു. നേത്രഗാത്രങ്ങൾ നോക്കി ആർക്കും ആ കപടന്മാരെ തിരിച്ചറിയാമായിരുന്നു. ഇസ്‌ലാമിന്റെ പ്രബോധന വീഥിയിൽ അവർ ഒരു ചരിത്രവും രചിച്ചിട്ടില്ല. ഇസ്‌ലാമിന്റെ യുദ്ധങ്ങളിലോ വിജയങ്ങളിലോ ഒരു നേതൃത്വവും അവരുടേതായിട്ടില്ല. ഇസ്‌ലാമിനെ ഒറ്റുകൊടുക്കാനും, മുസ്‌ലിംകൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനും, പ്രതിലോമകരമായ കുതന്ത്രങ്ങളാവിഷ്കരിക്കാനും മാത്രം നിലകൊണ്ട ആളുകളായിട്ടേ കപടവിശ്വാസികൾ ചരിത്രത്തിലിടം നേടിയിട്ടുള്ളൂ. ഇസ്‌ലാമിനുവേണ്ടി തനുവും ധനവും സമർപ്പിച്ച നിഷ്കളങ്കരായ ബ്രഹദ് സ്വഹാബീ സമൂഹത്തെ, ശത്രുപക്ഷത്തിനു വേണ്ടി

ഉപജാപകവൃത്തിയിലേർപ്പെട്ട തുച്ചം വരുന്ന മുനാഫിഖുകളെ മുന്നിൽ നിർത്തി ആക്ഷേപിക്കാനൊരുങ്ങുന്നത്, അല്ലാഹുവിനോടുള്ള വെല്ലുവിളിയായി വേണം കാണാൻ.

## ആരായിരുന്നു മുനാഫിഖുകൾ?

കാപട്യം നിന്ദ്യതയുടേയും ശേഷിക്കുറവിന്റേയും ലക്ഷണമാണ്. മക്കയിലെ പ്രബോധന നാളുകളിൽ ഈ ദുഷ്ടവിത്തിന്റെ സാന്നിധ്യമുണ്ടായിരുന്നില്ല. മദീനയിലാണ് കാപട്യത്തിന്റെ ആദ്യവിളകൾ മുളച്ചു പൊങ്ങിയത്. സത്യത്തേയും അതിന്റെ ആളുകളേയും ഏതുവിധേനയും അടക്കിനിർത്തണമെന്ന ത്വരയാണ് കാപട്യമെന്ന പ്രതിഭാസത്തിനുള്ളത്. അതുകൊണ്ടാണ്, ഹൃദയത്തിൽ സത്യനിഷേധവും സത്യത്തോട് പുച്ഛഭാവവുമുണ്ടായിരിക്കേത്തന്നെ മുനാഫിഖുകൾ മുസ്‌ലിംകളുമായി സന്ധിയിലും രമ്യതിയിലുമായി കഴിഞ്ഞു കൂടിയത്. അതവരുടെ സ്വഭാവമാണ്. തുച്ഛം വരുന്ന മദീനാ മുനാഫിഖുകൾ, തങ്ങളുടെ കുഫ്റിന്റെ ആദർശം പുറത്തുപറയാൻ പോലും കഴിയാത്തവിധം അങ്ങേയറ്റം ദുർബലരായിരുന്നു. സത്യവിശ്വാസികളെ നേർക്കുനേരെ നേരിടാനുള്ള ശേഷിയില്ലാതിരുന്നതിനാലാണ്, തങ്ങളുടെ സത്യനിഷേധത്തെ മനസ്സിൽ തന്നെ ഒളിപ്പിച്ചു നിർത്തിയതും, വിശ്വാസികളുടെ മുന്നിൽ കപടവേഷം കെട്ടിയാടിയതും. അപൂർവം വേളകളിൽ മാത്രമേ നിഫാഖിന്റെ പരസ്യശബ്ദം അവരിൽ നിന്നും പുറത്തു വന്നിരുന്നുള്ളൂ; അതാകട്ടെ വിശ്വാസികളെ ഭയപ്പെടുത്താൻ വേണ്ടി മാത്രവും.

മുനാഫിഖുകളുടെ തനിനിറം വിശ്വാസികൾക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നതാണെന്ന് അല്ലാഹു അവർക്ക് വാക്കു നൽകിയിട്ടുള്ളതാണ്. അവരെപ്പറ്റിയുള്ള വസ്തുത വിശ്വാസികൾ അറിയാതെ പോയാൽ അതവർക്ക് അപകടം വരുത്തിവെക്കും എന്നതു കൊണ്ടാണത്. നല്ലതിൽ നിന്നും ദുഷിച്ചതിനെ വേർതിരിച്ചു നൽകുമെന്ന ഖുർആനിക വചനം നമുക്ക് നൽകുന്ന ആശയമതാണ്. അല്ലാഹു പറയുന്നു:

ما كَانَ الله ليذَر الْمؤمِنِين علَى ما أَنتم علَيه حتى يميز الْخبِيثَ من الطيبِ وما كَانَ الله ليطْلعكُم علَى الْغيبِ ولَكن الله يجتبِي من رسله من يشاءُ فَآمنوا بِالله ورسله وإِنْ تؤمنوا وتتقُوا فَلَكُم أَجر عظيم (آل عمران: 179)

നല്ലതിൽ നിന്ന് ദുഷിച്ചതിനെ വേർതിരിച്ചു കാണിക്കാതെ, സത്യവിശ്വാസികളെ നിങ്ങളിന്നുള്ള അവസ്ഥയിൽ അല്ലാഹു വിടാൻ പോകുന്നില്ല. അദൃശ്യജ്ഞാനം അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തിത്തരാനും പോകുന്നില്ല. എന്നാൽ അല്ലാഹു അവന്റെ ദൂതൻമാരിൽ നിന്ന് അവൻ ഉദ്ദേശിക്കുന്നവരെ (അദൃശ്യജ്ഞാനം അറിയിച്ചുകൊടുക്കുവാനായി) തെരഞ്ഞെടുക്കുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുവിൻ. നിങ്ങൾ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം നിങ്ങൾക്കു മഹത്തായ പ്രതിഫലമുണ്ട്. (ആലു ഇംറാൻ: 179)

ആരാണ് പതറാത്ത യഥാർഥ വിശ്വാസികൾ, ആരാണ് ദുർബലരായ കപടന്മാർ എന്ന് വേർതിരിച്ചറിയാൻ അല്ലാഹു ചില സംവിധാനങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. കഠിനമായ പരീക്ഷണങ്ങളും പ്രതിസന്ധികളും വഴിയുള്ള പരിശോധനയാണത്. അല്ലാഹുവിന്റെ പ്രസ്തുത പരിശോധനയിൽ മുനാഫിഖുകൾക്ക് വിജയിക്കുക സാധ്യമല്ല. ഏവർക്കും ക്ഷണമാത്രയിൽ വേർതിരിച്ചറിയാനാകും വിധം അവർ സമൂഹമധ്യത്തിൽ പരാജിതരായിത്തീരും. അല്ലാഹു പറയുന്നത് കാണുക:

أَم حسِب الذين في قُلُوبِهِم مرض أَنْ لَن يخرِج الله أَضغانهم * ولَو نشاءُ لَأَرينـاكَهم فَلَعـرفْتهم بِسِـيماهم ولَتعرِفَنهم في لَحنِ الْقَولِ والله يعلَم أَعمالَكُم (محمد: 29-30)

അതല്ല, ഹൃദയങ്ങളിൽ രോഗമുള്ള ആളുകൾ അല്ലാഹു അവരുടെ ഉള്ളിലെ പക വെളിപ്പെടുത്തുകയേയില്ല എന്നാണോ വിചാരിച്ചത്? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ നിനക്ക് നാം അവരെ കാട്ടിത്തരുമായിരുന്നു. അങ്ങനെ അവരുടെ ലക്ഷണം കൊണ്ട് നിനക്ക് അവരെ മനസ്സിലാക്കാമായിരുന്നു. സംസാരശൈലിയിലൂടെയും തീർച്ചയായും നിനക്ക് അവരെ മനസ്സിലാക്കാവുന്നതാണ്. അല്ലാഹു നിങ്ങളുടെ പ്രവൃത്തികൾ അറിയുന്നു. (മുഹമ്മദ്: 29, 30)

കപടവിശ്വാസികൾ ഇന്നിന്ന വ്യക്തികളാണെന്ന് നബി(സ്വ)ക്ക് കൃത്യമായി ചൂണ്ടിക്കാണിക്കാനല്ല അല്ലാഹു ഉദ്ദ്യേശിക്കുന്നത്. അല്ലാഹുവിൽ നിന്ന് തന്റെ സൃഷ്ടികൾക്ക് ലഭിക്കുന്ന സുരക്ഷയാണത്. വ്യക്തിഗതകാര്യങ്ങളെ മനുഷ്യൻ ബാഹ്യമായി മനസ്സിലാക്കിയാൽ മതിയെന്നും, ആന്തരിക രഹസ്യങ്ങൾ സർവജ്ഞനായ താൻ തന്നെ അറിഞ്ഞിരുന്നാൽ മതിയെന്നുമുള്ള അല്ലാഹുവിന്റെ യുക്തിയാണത്. എന്നാൽ, ആരാണ് മുനാഫിഖുകൾ എന്ന് മനസ്സിലാക്കാനാകുന്ന സൂചനകൾ അല്ലാഹു നബി(സ്വ)ക്ക് നൽകുന്നുണ്ട്. അവരുടെ സംസാരങ്ങൾ കേട്ടാൽ മതി, എന്താണവരുടെ ഉള്ളിലിരുപ്പ് എന്ന് തിരിച്ചറിയാനാകും എന്നതാണ് ആ സൂചനകളിൽ ഒന്ന്. സത്യത്തിൽ

മദീനയിലുണ്ടായിരുന്ന മുനാഫിഖുകൾ സമൂഹമധ്യത്തിൽ ഇവ്വിധം നിന്ദിതരും പരിഹാസ്യരുമായിരുന്നു എന്ന കാര്യം ചരിത്രവസ്തുതയാണ്.

സത്യവിശ്വാസികളേയും കപടവിശ്വാസികളേയും വേർതിരിക്കാൻ അല്ലാഹു നടപ്പിലാക്കുന്ന സംവിധാനമാണ് പരീക്ഷണങ്ങളെന്ന് നേരത്തെ നാം വായിക്കുകയുണ്ടായി. മദീനാകാല പ്രബോധന ജീവിതത്തിൽ തുടർച്ചയായ പരീക്ഷണങ്ങളാണ് മുസ്ലിംകൾ നേരിട്ടത്. മുനാഫിഖുകളുടെ യഥാർഥമുഖം മറനീക്കി വെളിവാകാൻ പ്രസ്തുത പരീക്ഷണങ്ങളൊക്കെ വളരെയേറെ ഉപകാരപ്പെട്ടിരുന്നു. മുസ്‌ലിം സമൂഹത്തിനിടയിൽ അവർ വലിയൊരു സംഘമായിരുന്നില്ലല്ലൊ. വളരെ വേഗം തിരിച്ചറിയപ്പെടാവുന്ന വിധം പരിമിതരായിരുന്നു അവർ. അതു കൊണ്ടു തന്നെ, പരീക്ഷണങ്ങളെ സഹിക്കാനും, അവയിൽ ക്ഷമിക്കാനും തയ്യാറാകാതിരുന്ന പ്രസ്തുത കപടസംഘത്തെ ഈ ദുനിയാവിൽ വെച്ചു തന്നെ അല്ലാഹു തആലാ ജനസമക്ഷം അപഹാസ്യരാക്കിത്തീർക്കുകയുണ്ടായി. അത്തരമൊരു അവസരമായിരുന്നു അഹ്സാബ് യുദ്ധം. മുഅ്മിനുകളുടേയും മുനാഫിഖുകളുടേയും യഥാർഥ നിലപാടറിയാൻ ഈ യുദ്ധം സഹായകമായിത്തീർന്നൂ എന്ന് ഖുർആൻ വിശദീകരിക്കുന്നുണ്ട്. പ്രയാസങ്ങളുടെമേൽ പ്രയാസങ്ങൾ നിറഞ്ഞ ഘട്ടമായിരുന്നു അഹ്സാബ് യുദ്ധവേള. അതിനോടുണ്ടായിരുന്ന വിശ്വാസികളുടെ സമീപനം ഖുർആൻ പറയുന്നത് കാണുക:

ولَما رأى الْمؤمنونَ الْأحزاب قَالُوا هذَا ما وعدنا الله ورسولُه وصدق الله ورسولُه وما زادهم إلا إيمانا وتسليما (الأحزاب: 22)

സത്യവിശ്വാസികൾ സംഘടിതകക്ഷികളെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു: ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയ്തിട്ടുള്ളതാകുന്നു. അല്ലാഹുവും അവന്റെ ദൂതനും സത്യമാണ് പറഞ്ഞിട്ടുള്ളത്. അതവർക്ക് വിശ്വാസവും അർപ്പണവും വർദ്ധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ. (അഹ്സാബ്: 22)

അതേ സമയം, മുനാഫിഖുകളെടുത്ത നിലപാടിനെപ്പറ്റി ഖുർആൻ പറയുന്നത്:

وإِذْ يقُولُ الْمنافقُونَ والذين في قُلُوبِهِم مرض ما وعدنا الله ورسولُه إلا غُرورا * وإِذْ قَالَت طَائفَةٌ منهم يا أَهلَ يثْرِب لَا مقَام لَكُم فَارجِعوا ويستأْذنُ فَرِيق منهم النبِي يقُولُونَ إن بيوتنا عورةٌ وما هي بِعورة إِنْ يرِيدونَ إلا فرارا (الأحزاب: 12-13)

നമ്മോട് അല്ലാഹുവും അവന്റെ ദൂതനും വാഗ്ദാനം ചെയ്തത് വഞ്ചനമാത്രമാണെന്ന് കപടവിശ്വാസികളും ഹൃദയങ്ങളിൽ രോഗമുള്ളവരും പറയുകയും ചെയ്തിരുന്ന സന്ദർഭം. യഥ്രിബുകാരേ! നിങ്ങൾക്കു നിൽക്കക്കള്ളിയില്ല. അതിനാൽ നിങ്ങൾ മടങ്ങിക്കളയൂ. എന്ന് അവരിൽ ഒരു വിഭാഗം പറയുകയും ചെയ്ത സന്ദർഭം. ഞങ്ങളുടെ വീടുകൾ ഭദ്രതയില്ലാത്തതാ കുന്നു എന്ന് പറഞ്ഞു കൊണ്ട് അവരിൽ ഒരു വിഭാഗം (യുദ്ധരംഗം വിട്ടുപോകാൻ) നബിയോട് അനുവാദം തേടുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ അവ ഭദ്രതയില്ലാത്തതല്ല. അവർ ഓടിക്കളയാൻ ഉദ്ദേശിക്കുന്നുവെന്ന് മാത്രം. (അഹ്സാബ്: 12, 13)

മുനാഫിഖുകൾ മുഖാമുഖം നേരിട്ട പ്രയാസങ്ങൾ അവരുടെ യഥാർഥ മുഖം പുറത്തു കൊണ്ടുവരാൻ സഹായകമായിത്തീർന്നു എന്നതാണ് ഈ വിശുദ്ധ സൂക്തത്തിന്റെ പാഠം. അങ്ങനെ, മനസ്സിലൊളിപ്പിച്ചു വെച്ച തങ്ങുടെ കപടത മറനീക്കി കാണാൻ വിശ്വാസികൾക്കാവുകയും ചെയ്തു.

വിശ്വാസികൾക്ക് നിഫാഖിന്റെ നിറം കാണാൻ അവസരം ലഭിച്ച മറ്റൊരു സന്ദർഭമാണ് തബൂക്ക് യുദ്ധവേള. കൊടും ചൂടിന്റെ കെടുതിയിലാണ് മുഅ്മിനുകൾ യുദ്ധത്തിനൊരുങ്ങിയത്. മതിയായ ഭക്ഷണവും ആവശ്യത്തിനുള്ള കുടിജലവുമില്ലാത്ത പ്രയാസകരമായ അവസ്ഥ. അല്ലാഹുവിലുള്ള അചഞ്ചല വിശ്വാസവും, അവന്റെ മാർഗത്തിലുള്ള അർപ്പണമനസ്ഥിതിയും കൈമുതലായുള്ള വിശ്വാസികൾ ആശങ്കപ്പെട്ടു നിന്നില്ല. അവർ യുദ്ധത്തിനൊരുങ്ങി. എന്നാൽ കപടവിശ്വാസികളാകട്ടെ, പ്രസ്തുത യുദ്ധത്തിൽ നിന്ന് വിശ്വാസികളെ തീക്ഷ്ണമായ ഉഷ്ണം പറഞ്ഞ് പിന്തിരിപ്പിക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. മാത്രമല്ല, യുദ്ധഭൂമിയിലേക്ക് പോകാതെ മദീനയിൽ തന്നെ പിൻമാറിയിരിക്കുകയും ചെയ്തു. പ്രസ്തുത സംഭവം വിശദീകരിച്ചു കൊണ്ട് അല്ലാഹു പറഞ്ഞു:

فَرِح الْمخلَّفُونَ بِمقْعدهم خلَاف رسولِ الله وكَرِهوا أَنْ يجاهدوا بِأَموالهِم وأَنفُسِهِم في سبِيلِ الله وقَالُوا لَا

تنفروا في الْحر قُلْ نار جهنم أَشد حرا لَو كَانوا يفْقَهونَ * فَلْيضحكُوا قَلِيلًا ولْيبكُوا كَثِيرا جزاءً بِمـا كَـانوا يكْسِبونَ (التوبة: 81-82)

(യുദ്ധത്തിനു പോകാതെ) പിൻമാറി ഇരുന്നവർ അല്ലാഹുവിന്റെ ദൂതന്റെ കൽപനക്കെതിരായുള്ള അവരുടെ ഇരുത്തത്തിൽ സന്തോഷം പൂണ്ടു. തങ്ങളുടെ സ്വത്തുക്കൾകൊണ്ടും ശരീരങ്ങൾ കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുവാൻ അവർ ഇഷ്ടപ്പെട്ടില്ല. അവർ പറഞ്ഞു: ഈ ഉഷ്ണത്തിൽ നിങ്ങൾ ഇറങ്ങിപുറപ്പെടേണ്ട. പറയുക. നരകാഗ്നി കൂടുതൽ കഠിനമായ ചൂടുള്ളതാണ്. അവർ കാര്യം ഗ്രഹിക്കുന്നവരായിരുന്നെങ്കിൽ! അതിനാൽ അവർ അൽപം ചിരിക്കുകയും കൂടുതൽ കരയുകയും ചെയ്തുകൊള്ളട്ടെ; അവർ ചെയ്തുവെച്ചിരുന്നതിന്റെ ഫലമായിട്ട്. (തൗബ: 81, 82)

എന്നാൽ സത്യവിശ്വാസികളെ സംബന്ധിച്ച് പടച്ച തമ്പുരാൻ പറഞ്ഞത് കാണുക:

لَكنِ الرسولُ والَّذين آمنوا معه جاهدوا بِأَموالهِم وأَنفُسِهِم وأُولَئك لَهم الْخيرات وأُولَئك هم الْمفْلحونَ * أَعد الله لَهم جنات تجرِي من تحتها الْأَنهار خالدين فيها ذَلك الْفَوز الْعظيم (التوبة: 88-89)

പക്ഷെ, റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും തങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ശരീരങ്ങൾ കൊണ്ടും സമരം ചെയ്തു. അവർക്കാണ് നൻമകളുള്ളത്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ ഒരുക്കിവെച്ചിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം. (തൗബ: 88, 89)

പ്രവാചക സ്വഹാബത്ത് പ്രയാസങ്ങളനുഭവിച്ചത് അവരുടെ അംഗബലം ശുഷ്കമായതു കൊണ്ടായിരുന്നില്ല. അല്ലാഹുവിൽ നിന്നുള്ള നിരന്തര പരീക്ഷണത്തിന്റെ ഭാഗമായിട്ടായിരുന്നു അത്. ഓരോ വർഷവും ഓരോ പരീക്ഷണത്തിലൂടെയായിരുന്നു അവർ കടന്നുപോയിരുന്നത്. സത്യവിശ്വാസികളുടെ മഹാസംഘത്തിൽ കഴിഞ്ഞു കൂടുന്ന കപടന്മാരെ പുറത്തുകൊണ്ടുവരാനുള്ള പടച്ചവന്റെ സമ്പ്രദായമായിട്ടുവേണം അതിനെ കാണാൻ. അല്ലാഹുവിന്റെ വചനം ശ്രദ്ധിക്കുക:

أَولاَ يرونَ أَنهم يفْتنونَ في كُلِّ عامٍ مرةً أَو مرتينِ ثُم لاَ يتوبونَ ولاَ هم يذَّكَّرونَ (التوبة: 126)

അവർ ഓരോ കൊല്ലവും ഒന്നോ, രണ്ടോ തവണ പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് അവർ കാണുന്നില്ലേ? എന്നിട്ടും അവർ ഖേദിച്ചുമടങ്ങുന്നില്ല. ചിന്തിച്ചു മനസ്സിലാക്കുന്നുമില്ല. (തൗബ: 126)

അല്ലാഹുവിന്റെ മാർഗത്തിൽ എല്ലാം ത്യജിച്ച് പലായനം ചെയ്യുകയും, ധനം കൊണ്ടും ശരീരം കൊണ്ടും ജിഹാദിലേർപ്പെടുകയും ചെയ്ത മുഹാജിറുകളുടേയും, അല്ലാഹുവിന്റെ റസൂലിനും സ്വഹാബത്തിനും ആശ്രയമേകുകയും, കൈമെയ് മറന്ന് അവർക്ക് സഹായങ്ങൾ പകരുകയും ചെയ്ത അൻസാറുകളുടേയും മുന്നിൽ ഈ പരാജയദേഹികളായ മുനാഫിഖുകൾക്ക് എന്ത് വിലയും നിലയുമാണുള്ളത്? സ്വന്തം രക്തം കൊണ്ട് ഇസ്ലാമിന്റെ മഹച്ചരിതം രചിച്ച സാത്വികരായ സഹാബത്തെവിടെ നിൽക്കുന്നു, എന്നും ഭീരുക്കളായി മാളത്തിൽ മാത്രം കഴിഞ്ഞു കൂടിയ കുലവഞ്ചകരായ ഈ കപടൻമാർ എവിടെ നിൽക്കുന്നു?! സ്വഹാബത്തിലെ ചിലരെ അല്ലാഹു രക്തസാക്ഷിത്വം നൽകി ആദരിച്ചപ്പോൾ, അവരിലെ പലർക്കുമവൻ ഭൂമിയിലെ സൗകര്യങ്ങളും നേതൃത്വവും അരുളി അനുഗ്രഹിക്കുകയുണ്ടായി! ആ മഹൽഗുണ സമൂഹത്തേയാണ് റാഫിദികൾ മുനാഫിഖുകളുടെ കൂട്ടത്തിലെണ്ണി അവമതിക്കാൻ ശ്രമിക്കുന്നത്!!!

## മുനാഫിഖുകളെ തിരിച്ചറിയാവുന്ന അടയാളങ്ങൾ

മദീനയിലുണ്ടായിരുന്ന മുനാഫിഖുകളുടെ അംഗസംഖ്യ പരിമിതമായിരുന്നുവെന്ന് കഴിഞ്ഞ അധ്യായത്തിൽ നാം മനസ്സിലാക്കുകയുണ്ടായി. അവർ പ്രവാചകാനുചരന്മാരേക്കാൾ എണ്ണത്തിലും വണ്ണത്തിലും ശക്തരായിരുന്നുവെങ്കിൽ, അകത്ത് കുഫ്റും പുറത്ത് ഈമാനുമായി ജീവിക്കേണ്ട യാതൊരാവശ്യവും മുനാഫിഖുകൾക്കുണ്ടാകുമായിരുന്നില്ല. മാത്രമല്ല, കപടവിശ്വാസികളുടെ സ്വഭാവങ്ങളും നിലപാടുകളും സത്യവിശ്വാസികൾക്ക് വ്യക്തമായി മനസ്സിലാക്കാനാകും വിധം പരസ്യമായിരുന്നുവെന്നും മുകളിൽ വിശദീകരിക്കുകയുണ്ടായി.

മുനാഫിഖുകളുടെ തനിനിറം അവരുടെ ഏതെല്ലാം നിലപാടുകളിലൂടെ തിരിച്ചറിയാനാകുമെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്.

1. അവരുടെ സംസാരശൈലിയിലൂടെ

മുനാഫിഖുകളുടെ യഥാർഥമുഖം പുറത്തുകാണാവുന്ന സന്ദർഭങ്ങളായിരുന്നു വിശ്വാസികൾക്കു മുന്നിൽ വന്നുനിൽക്കുന്ന യുദ്ധം പോലുള്ള പ്രതിസന്ധിഘട്ടങ്ങൾ. ഇത്തരം അവസരങ്ങളിൽ മുനാഫിഖുകൾ അടങ്ങിയിരിക്കാറില്ല. തങ്ങളുടെ ഹൃദയങ്ങളിലൊളിപ്പിച്ചു വെച്ച കാപട്യമാലിന്യങ്ങൾ അവരുടെ നാവുകളിലൂടെ കുത്തുവാക്കുകളായും കുരുട്ടുവാദങ്ങളായും പുറത്തുവരും. അല്ലാഹു പറയുന്നു:

ولو نشاءُ لأريناكهم فلعرفتهم بِسيماهم ولتعرفنهم في لَحنِ القَولِ والله يعلم أعمالكُم (محمد: 30)

നാം ഉദ്ദേശിച്ചിരുന്നെങ്കിൽ നിനക്ക് നാം അവരെ കാട്ടിത്തരുമായിരുന്നു. അങ്ങനെ അവരുടെ ലക്ഷണം കൊണ്ട് നിനക്ക് അവരെ മനസ്സിലാക്കാമായിരുന്നു. സംസാരശൈലിയിലൂടെയും തീർച്ചയായും നിനക്ക് അവരെ മനസ്സിലാക്കാവുന്നതാണ്. അല്ലാഹു നിങ്ങളുടെ പ്രവൃത്തികൾ അറിയുന്നു. (മുഹമ്മദ്; 30)

ഒരു സന്ദർഭം. ജൂത ഗോത്രമായ ബനൂ മുസ്ത്വലഖുമായി യുദ്ധം ചെയ്ത് വിശ്വാസികൾ വിജയിച്ചു നിൽക്കുന്ന വേള. അവർ മുറൈസീഅ് എന്ന സ്ഥലത്താണുള്ളത്. എന്തൊ സംഗതിവശാൽ മുഹാജിറുകളിൽ നിന്നൊരാൾ അൻസ്വാറുകളിൽ നിന്നുള്ള ഒരാളെ അടിച്ചു. അടികൊണ്ട വ്യക്തി, അൻസ്വാരികളേ എന്നെ സഹായിച്ചാലും എന്നലറിവിളിച്ചു. അടിച്ച സ്വഹാബിയാകട്ടെ മുഹാജിറുകളുടെ സഹായവും ആവശ്യപ്പെട്ടു. മുഹാജിറുകളും അൻസ്വാറുകളും തമ്മിൽ ഒരടിപിടിയുടെ വക്കിലെത്തി നിൽക്കുന്ന വേളയിൽ നബി(സ്വ) അക്കാര്യമറിയുകയും, അവരിലേക്ക് വീണ്ടും തിരിച്ചെത്തിയേക്കാവുന്ന ജാഹിലീ ഗോത്രശാത്രവത്തെ മുളയിൽ തന്നെ നുള്ളിക്കളുയുകയും ചെയ്തു. എന്നാൽ മുനാഫിഖുകളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യ് ബ്നു സുലൂൽ ഈ സന്ദർഭം മുതലെടുക്കാനാണ് ശ്രമിച്ചത്. മുഹാജിറുകൾക്കെതിരിൽ അൻസ്വാറുകളെ വംശീയത പറഞ്ഞ് പകയേറ്റാൻ അയാൾ കുതന്ത്രങ്ങൾ മെനഞ്ഞു. മുസ്‌ലിംകളോടുള്ള തന്റെ ഹൃദയത്തിലെ പോര് മറച്ചു വെക്കാൻ അയാൾക്കായില്ല. അയാൾ പറഞ്ഞു: മദീനയിലെത്തട്ടെ, അന്തസ്സുള്ളവർ നിന്ദ്യന്മാരെ പുറത്താക്കി വിടുന്നതാണ്! കപടന്മാരുടെ കാപട്യം മനസ്സിലാക്കാനായ ആ സന്ദർഭത്തെ അല്ലാഹു വ്യക്തമാക്കുന്നത് കാണുക:

يقُولُونَ لَئن رجعنا إِلَى الْمدينة لَيخرجن الْأعز منها الْأَذَل ولله الْعزةُ ولرسوله وللْمؤمنِين ولَكن الْمنـافقين لَـا يعلَمونَ (المنافقون: 8)

അവർ പറയുന്നു; ഞങ്ങൾ മദീനയിലേക്ക് മടങ്ങിച്ചെന്നാൽ കൂടുതൽ പ്രതാപമുള്ളവർ നിന്ദ്യരായുള്ളവരെ പുറത്താക്കുക തന്നെ ചെയ്യുമെന്ന്. അല്ലാഹുവിനും അവന്റെ ദൂതന്നും സത്യവിശ്വാസികൾക്കുമാകുന്നു പ്രതാപം. പക്ഷെ, കപടവിശ്വാസികൾ (കാര്യം) മനസ്സിലാക്കുന്നില്ല. (മുനാഫിഖൂൻ: 8)

അതേ സമയം, അബ്ദുല്ലാഹിബ്നു ഉബയ്യിന്റെ യുടെ മുഅ്മിനായ മകൻ ഊരിപ്പിടിച്ച വാളുമായി മദീനാ കവാടത്തിൽ നിന്ന് കൊണ്ട്, തന്റെ പിതാവിനെ അവിടേക്ക് പ്രവേശിക്കാൻ സമ്മതിക്കാതെ നിലയുറപ്പിക്കുകയുണ്ടായി. തന്റെ വാളുകൊണ്ടാകട്ടെ നിഫാഖിന്റെ നേതാവായ പിതാവിന്റെ മരണം എന്ന് തീരുമാനിക്കുകയായിരുന്നു ആ ആദർശധീരൻ! പക്ഷെ, അവസാനം നബി(സ്വ) അദ്ദേഹത്തെ സമാശ്വസിപ്പിക്കുകയും മദീനയിലേക്ക് പ്രവേശിക്കാൻ അബ്ദുല്ലക്ക് അനുവാദം നൽകുകയുമായിരുന്നു. ആ സമയം നബി (സ്വ) അബ്ദുല്ലാഹി ബ്നു ഉബയ്യിനോടായി പറഞ്ഞു: 'ആരാണ് നിന്ദ്യൻ ആരാണ് പ്രതാപമുള്ളവൻ എന്ന് ഇന്നത്തോടെ നിനക്ക് മനസ്സിലായില്ലെ?.'

മുനാഫിഖുകളുടെ കാപട്യം നാവിലൂടെ പുറത്തുവന്ന മറ്റൊരു സന്ദർഭം കൂടിയുണ്ട്. അബൂ മഅ്ശർ (റ) മുഹമ്മദ് ബ്നു കഅ്ബി(റ)ൽ നിന്നും നിവേദനം. ഒരിക്കൽ മുനാഫിഖുകളിൽപ്പെട്ട ഒരുവൻ ഇങ്ങനെ പറയുകയുണ്ടായി: ''ഈ ഖുർആൻ പാരായണക്കാരുടെ കാര്യം കഷ്ടം! സ്വന്തം വയറ് നിറക്കലാണ് അവരുടെ മുഖ്യപ്രശ്നം, നമ്മളിൽ കൂടുതൽ കളവു പറയുന്നവരാണവർ, ശത്രുക്കളെ കണ്ടുമുട്ടിയാൽ ഭീരുക്കളായി ഒളിച്ചോടുന്നവർ!'' ഇക്കാര്യം സ്വഹാബികളിലൊരാൾ നബി(സ്വ) അറിയിക്കുകയുണ്ടായി. ഇതറിഞ്ഞ ആ മുനാഫിഖ് നബിയുടെ അടുക്കലേക്ക് വന്നു. നബി(സ്വ) തന്റെ ഒട്ടകപ്പുറത്തേറി യാത്രയായി. അയാളും പ്രവാചകനോടൊപ്പം നടന്നു കൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ ക്ഷമിച്ചാലും, ഞങ്ങൾ ചില തമാശകൾ പറഞ്ഞു കളിക്കുകയായിരുന്നു, ബോധപൂർവം ഞാനങ്ങനെ പറഞ്ഞതായിരുന്നില്ല.' നബി(സ്വ)യുടെ ഒട്ടകത്തിന്റെ മൂക്കുകയറും പിടിച്ച് തിരുമേനി(സ്വ)യെ നോക്കി നടന്നതിനാൽ അയാളുടെ കാൽ ഒരു കല്ലിൽ തട്ടി ചോരയൊഴുകി. പക്ഷെ, നബി(സ്വ) ആ മനുഷ്യനിലേക്ക് നോക്കിയതേയില്ല. അവിടുന്ന് വിശുദ്ധ ഖുർആനിലെ താഴെകാണുന്ന സൂക്തം ആ മുനാഫിഖിനോട് ഓതിക്കൊണ്ടേയിരുന്നു.

أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ * لَا تَعْتَذِرُوا قَدْ كَفَرْتُم بَعْدَ إِيمَانِكُمْ إِن نَّعْفُ عَن طَائِفَةٍ مِّنكُمْ نُعَذِّبْ طَائِفَةً بِأَنَّهُمْ كَانُوا مُجْرِمِينَ (التوبة: 65-66)

പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുമന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിന് നാം മാപ്പുനൽകുകയാണെങ്കിൽ തന്നെ മറ്റൊരു വിഭാഗത്തിന് അവർ കുറ്റവാളികളായിരുന്നതിനാൽ നാം ശിക്ഷ നൽകുന്നതാണ്. (തൗബ: 65, 66)

അല്ലാഹു സുബ്ഹാനഹു വ തആലാ മുനാഫിഖുകളെ പൊതുജനസമക്ഷം അപഹാസ്യമാക്കുന്നതിന്റെ രൂപമാണിത്. ഖിയാമത്തുനാളുവരെ വിശുദ്ധഖുർആനിലെ ഏടുകളിലൂടെ ഈ ചരിത്രം പാരായണം ചെയ്യപ്പെടുകയാണ്!

അല്ലാഹുവിനും അവന്റെ റസൂലിനുമെതിരെ ഖൽബിൽ ഗൂഢതന്ത്രങ്ങൾ സൂക്ഷിക്കുന്ന ഓരോരുത്തരുടേയും രഹസ്യങ്ങളെ പടച്ചതമ്പുരാൻ അവരുടെ മുഖത്തും നാവിലും പരസ്യമാക്കുന്നതാണ്. ഇവിടെ, മുനാഫിഖുകൾ തങ്ങളുടെ കാപട്യം മനസ്സറകളിൽ ഒളിപ്പിച്ചു വെച്ചു. പക്ഷെ, ഏവർക്കും കാണാനാകും വിധം അവരുടെ കാപട്യങ്ങളേയും ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമുള്ള അവരുടെ മനസ്സിലെ പോരുകളേയും അല്ലാഹു ജനങ്ങളുടെ മുന്നിൽ പുറത്തെടുത്തിട്ടു. മുനാഫിഖുകളോട് അല്ലാഹു സ്വീകരിച്ച നിലപാടാണ് നാം ഇത്രയും വായിച്ചത്. എപ്പോഴെക്കെ, കുതന്ത്രങ്ങളാവിഷ്കരിച്ച് മുസ്‌ലിംകളെ തകർക്കാൻ മുനാഫിഖുകൾ ശ്രമിച്ചുവോ അപ്പോഴൊക്കെ അവരുടെ തനിമുഖം അല്ലാഹു വെളിവാക്കിയിട്ടുണ്ട് എന്നർഥം.

യഥാർഥ വിശ്വാസികളും, സത്യസന്ധൻമാരും, സന്മാർഗികളും, സ്വർഗാവകാശികളും, ദൈവികാനുഗ്രഹങ്ങൾക്കും സംപ്രീതിക്കും പാത്രീഭൂതരുമാണെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തിയ സ്വഹാബത്തിന് ഈ ദുഷ്ടവർഗവുമായി എന്ത് ബന്ധമാണുള്ളത്? കുഫ്റും നിഫാഖും കൈമുതലാക്കിയവരാണ് എന്ന് പടച്ചവൻ വ്യക്തമാക്കിയ മുനാഫിഖുകളേയും, സത്യസന്ധരായ വിശ്വാസികളെന്ന് അല്ലാഹു പുകഴ്ത്തിയ സ്വഹാബീ ശ്രേഷ്ഠരേയും ഒരേ വരിയിൽ നിർത്തി അപമാനിക്കാൻ അവിവേകികൾക്കല്ലാതെ സാധിക്കുമൊ?! വിവേകികളാണ് ഉത്തരം കാണേണ്ടത്.

2. ഖുർആൻ സൂക്തങ്ങളിലെ പ്രതിപാദനങ്ങളിലൂടെ

നബി(സ്വ)ക്കും വിശ്വാസികൾക്കും, മുനാഫിഖുകളുടെ സ്വരൂപം വ്യക്തമാക്കിക്കൊടുക്കുന്ന നിരവധി ആയത്തുകൾ വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അവ്വിധം അവതരിപ്പിക്കപ്പെട്ട ഒരു അധ്യായമാണ് സൂറത്തു തൗബ. മുനാഫിഖുകളുടെ നിലപാടുകൾ അപഹാസ്യമാം വിധം മറനീക്കപ്പെട്ടത് പ്രസ്തുത സൂറത്തിലൂടെയാണ്. പ്രയാസങ്ങൾ പ്രതിസന്ധിതീർത്ത തബൂക്ക് യുദ്ധവേളയിൽ, ദുനിയാവിനോടുള്ള അത്യാർത്തിയും ജിഹാദിനോടുള്ള വിമുഖതയും കാരണം, അതിൽ പങ്കെടുക്കാതെ മാറിനിൽക്കുകയും, അല്ലാഹുവിന്റെ ദൂതനെ ചതിക്കാനുള്ള ശ്രമങ്ങളിലേർപ്പെടുകയും മുനാഫിഖുകളെ അല്ലാഹു തുറന്നു കാട്ടുന്നത് കാണുക:

وَإِذَا أُنزِلَتْ سُورَةٌ أَنْ آمِنُوا بِاللَّهِ وَجَاهِدُوا مَعَ رَسُولِهِ اسْتَأْذَنَكَ أُولُو الطَّوْلِ مِنْهُمْ وَقَالُوا ذَرْنَا نَكُن مَّعَ الْقَاعِدِينَ * رَضُوا بِأَن يَكُونُوا مَعَ الْخَوَالِفِ وَطُبِعَ عَلَىٰ قُلُوبِهِمْ فَهُمْ لَا يَفْقَهُونَ (التوبة: 86-87)

നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുകയും, അവന്റെ ദൂതനോടൊപ്പം സമരത്തിൽ ഏർപെടുകയും ചെയ്യുക എന്ന് (നിർദേശിച്ചു കൊണ്ട്) വല്ല അദ്ധ്യായവും അവതരിപ്പിക്കപ്പെട്ടാൽ അവരുടെ കൂട്ടത്തിൽ കഴിവുള്ളവർ നിന്നോട് (യുദ്ധത്തിന് പോകാതിരിക്കാൻ) സമ്മതം തേടുന്നതാണ്. അവർ പറയും: ഞങ്ങളെ വിട്ടേക്കണം. ഞങ്ങൾ ഒഴിഞ്ഞിരിക്കുന്നവരുടെ കൂട്ടത്തിൽ ആകാം. (യുദ്ധത്തിനു പോകാതെ) ഒഴിഞ്ഞിരിക്കുന്ന സ്ത്രീകളുടെ കൂട്ടത്തിലായിരിക്കുന്നതിൽ അവർ തൃപ്തിയടഞ്ഞിരിക്കുന്നു. അവരുടെ ഹൃദയങ്ങളിൽ മുദ്രവെക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ (കാര്യം) ഗ്രഹിക്കുകയില്ല. (തൗബ: 86, 87)

ഒരു വിശദീകരണം ആവശ്യമില്ലാത്ത വിധം മുനാഫിഖുകളെപ്പറ്റിയുള്ള പ്രസ്താവന ഈ വചനങ്ങളിൽ വ്യക്തമാണ്.

3. പരദൂഷണവും പകയും കുഴപ്പവുമുണ്ടാക്കാനുള്ള ശ്രമങ്ങളിൽ വ്യാപൃതരായവർ

മുനാഫിഖുകൾക്ക് ഒരിക്കലും അടങ്ങിയിരിക്കാൻ സാധിച്ചിട്ടി. മുസ്‌ലിംകളുടെ അചഞ്ചലമായ വിശ്വാസത്തിലും, അവരുടെ നിരന്തരമായ വിജയങ്ങളിലും അസ്വസ്ഥരായിരുന്ന അവർ മുസ്‌ലിംകൾക്കിടയിൽ കുഴപ്പങ്ങളുണ്ടാക്കാൻ ആവുന്നത്ര ശ്രമിച്ചവരായിരുന്നു. അല്ലാഹു

അക്കാര്യം തുറന്നു പറയുന്നുണ്ട്:

لَو خرجوا فيكُم ما زادوكُم إلا خبالًا ولأَوضعوا خلَالَكُم يبغونكُم الْفتنةَ وفيكُم سماعونَ لَهم واللــه علــيم بِالظالمين * لَقَد ابتغوا الْفتنةَ من قَبلُ وقَلبوا لَك الْأُمور حتى جاءَ الْحق وظَهر أَمر الله وهم كَارِهونَ (التوبــة: 48-47)

നിങ്ങളുടെ കൂട്ടത്തിൽ അവർ പുറപ്പെട്ടിരുന്നെങ്കിൽ നാശമല്ലാതെ മറ്റൊന്നും അവർ നിങ്ങൾക്ക് കൂടുതൽ നേടിത്തരുമായിരുന്നില്ല. നിങ്ങൾക്ക് കുഴപ്പം വരുത്താൻ ആഗ്രഹിച്ചുകൊണ്ട് നിങ്ങളുടെ ഇടയിലൂടെ അവർ പരക്കംപായുകയും ചെയ്യുമായിരുന്നു. നിങ്ങളുടെ കൂട്ടത്തിൽ അവർ പറയുന്നത് ചെവികൊടുത്ത് കേൾക്കുന്ന ചിലരുണ്ട് താനും. അല്ലാഹു അക്രമികളെപ്പറ്റി നന്നായി അറിയുന്നവനാണ്. മുമ്പും അവർ കുഴപ്പമുണ്ടാക്കാൻ ആഗ്രഹിക്കുകയും നിനക്കെതിരിൽ അവർ കാര്യങ്ങൾ കുഴച്ചു മറിക്കുകയും ചെയ്തിട്ടുണ്ട്. അവസാനം അവർക്ക് ഇഷ്ടമില്ലാതിരുന്നിട്ടും സത്യം വന്നെത്തുകയും അല്ലാഹുവിന്റെ കാര്യം വിജയിക്കുകയും ചെയ്തു. (തൗബ: 47, 48)

മുനാഫിഖുകളുടെ ചെയ്തികളെ സംബന്ധിച്ച ഖുർആനിന്റെ പ്രസ്താവന എത്ര ഖണ്ഡിതവും സുതാര്യവുമാണ് എന്ന് നോക്കുക!

4. പ്രവാചകന്റെ വീതം വെപ്പിലും നീതിനിഷ്ഠയിലും അതൃപ്തി കാണിച്ചവർ

മഹാനായ നബി(സ്വ)യുടെ നീതിനിഷ്ഠയെപ്പോലും ചോദ്യം ചെയ്തവരായിരുന്നു മുനാഫിഖുകൾ. ഖുർആൻ വായിക്കുക:

ومنهم من يلْمزك في الصدقَات فَإِنْ أُعطُوا منها رضوا وإِنْ لَم يعطَوا منها إِذَا هم يسخطُونَ (التوبة: 58)

അവരുടെ കൂട്ടത്തിൽ ദാനധർമ്മങ്ങളുടെ കാര്യത്തിൽ നിന്നെ ആക്ഷേപിക്കുന്ന ചിലരുണ്ട്. അതിൽ നിന്ന് അവർക്ക് നൽകപ്പെടുന്ന പക്ഷം അവർ തൃപ്തിപ്പെടും. അവർക്കതിൽ നിന്ന് നൽകപ്പെട്ടില്ലെങ്കിലോ അവരതാ കോപിക്കുന്നു. (തൗബ: 58)

വിശുദ്ധ ഇസ്‌ലാമിനോടായിരുന്നില്ല, ഭൗതിക വിഭങ്ങളിൽ നിന്ന് തങ്ങൾക്ക് വീതം വെച്ച് കിട്ടേണ്ട വിഹിതത്തോടായിരുന്നു മുനാഫിഖുകൾക്ക് പ്രിയം. അതു കൊണ്ടുതന്നെ ദാനധർമ്മങ്ങളിൽ നിന്ന് തങ്ങൾക്ക് ലഭിക്കുന്ന വീതത്തിന്റെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് പ്രവാചകനെ ആക്ഷേപിക്കാനും തിരുമേനിയുടെ വീതംവെപ്പിൽ അനീതിയുണ്ടെന്ന് പ്രചരിപ്പിക്കാനും അവർ മുതിർന്നിരുന്നു!

5. നബി(സ്വ)യെ പലനിലക്കും നിരന്തരം ദ്രോഹിച്ചവർ

ഏത് നിലക്കും പ്രവാചകന്ന് പ്രയാസങ്ങൾക്കുവേണ്ടി യത്നിച്ചവരാണ് കപടവിശ്വാസികൾ. രഹസ്യമായും, ചിലപ്പോഴെങ്കിലും പരസ്യമായും നബിതിരുമേനിയെ ദ്രോഹിക്കാനുള്ള അവരുടെ കുടിലതയെ അല്ലാഹു തന്നെ തുറന്നു കാട്ടിയിട്ടുണ്ട്:

ومنهم الذين يؤذُونَ النبِي ويقُولُونَ هو أُذُنٌ قُلْ أُذُنُ خيرٍ لَكُم يؤمن بِالله ويؤمن للْمؤمنِين ورحمةٌ للذين آمنوا منكُم والذين يؤذُونَ رسولَ الله لَهم عذَاب أَليم. (التوبة: 61)

നബിയെ ദ്രോഹിക്കുകയും അദ്ദേഹം എല്ലാം ചെവിക്കൊള്ളുന്ന ആളാണ് എന്ന് പറയുകയും ചെയ്യുന്ന ചിലർ അവരുടെ കൂട്ടത്തിലുണ്ട്. പറയുക: അദ്ദേഹം നിങ്ങൾക്ക് ഗുണമുള്ളത് ചെവിക്കൊള്ളുന്ന ആളാകുന്നു. അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു. യഥാർത്ഥവിശ്വാസികളെയും അദ്ദേഹം വിശ്വസിക്കുന്നു. നിങ്ങളിൽ നിന്ന് വിശ്വസിച്ചവർക്ക് ഒരു അനുഗ്രഹവുമാണദ്ദേഹം. അല്ലാഹുവിന്റെ ദൂതനെ ദ്രോഹിക്കുന്നവരാരോ അവർക്കാണ് വേദനയേറിയ ശിക്ഷയുള്ളത്. (തൗബ: 61)

ആരെന്ത് പറഞ്ഞാലും അതപ്പടി കേട്ട് പ്രവർത്തിക്കുന്ന ആളാണ് നബി(സ്വ) എന്ന മുനാഫിഖുകളുടെ ആക്ഷേപത്തെ നിശിതമായി വിമർശിക്കുകയാണ് അല്ലാഹു. ആരുടെ സംസാരത്തേയും സത്യാസത്യ വിവേചനം നടത്തി, സ്വീകരിക്കേണ്ടവ ഉൾക്കൊള്ളാനും തിരസ്കരിക്കേണ്ടവ തള്ളാനുമുള്ള കഴിവ് തിരുമേനിക്കുണ്ട് എന്ന് ബോധ്യപ്പെടുത്തുകയാണ് ഇതിലൂടെ.

6. തങ്ങളുടെ നിലപാടുകളെ ന്യായീകരിക്കാൻ കള്ള സത്യം ചെയ്തു പറയുന്നവർ

മുനാഫിഖുകൾക്കൊരു സ്വഭാവമുണ്ട്; മുസ്‌ലിംകളുടെ പൊതുധാരയിൽ നിലകൊള്ളേണ്ട സന്ദർഭങ്ങളിലൊക്കെ അവർ ഒഴിവുകഴിവുകൾ പറഞ്ഞ് മാറിനിൽക്കും. വിമർശിക്കപ്പെടുകയോ,

വിശ്വാസികളുടെ വിജയം കാണുകയോ ചെയ്യുന്ന വേളകളിൽ അവർ മുസ്‌ലിംകളെ സമീപിക്കുകയും, അല്ലാഹുവിൽ സത്യം ചെയ്തുകൊണ്ട് തങ്ങളുടെ നിലപാടുകളെ ന്യായീകരിക്കുയും ചെയ്യും. ബോധപൂർവമായിരുന്നില്ലെന്നും, പ്രതിബന്ധങ്ങൾ കൊണ്ടായിരുന്നുവെന്നും പറഞ്ഞ് തങ്ങളുടെ മാറിനിൽക്കലിനെ വെള്ളപൂശാനും, വിശ്വാസികളുടെ ഇഷ്ടം നേടാനുമായിരുന്നു അവരുടെ കള്ളസത്യങ്ങൾ. മുനാഫിഖുകളുടെ ഈ കപട നിലപാടിനെ അല്ലാഹു പുറത്തു കൊണ്ടുവരുന്നത് കാണുക:

يحلفُونَ بِالله لَكُم ليرضوكُم والله ورسولُه أَحق أَنْ يرضوه إِنْ كَانوا مؤمنِين (التوبة: 62)

നിങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടി നിങ്ങളോടവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് സംസാരിക്കുന്നു. എന്നാൽ അവർ സത്യവിശ്വാസികളാണെങ്കിൽ അവർ തൃപ്തിപ്പെടുത്തുവാൻ ഏറ്റവും അവകാശപ്പെട്ടവർ അല്ലാഹുവും അവന്റെ ദൂതനുമാണ്. (തൗബ: 62)

അല്ലാഹു പറഞ്ഞു:

يحلفُونَ لَكُم لترضوا عنهم فَإِنْ ترضوا عنهم فَإِن الله لَا يرضى عنِ الْقَومِ الْفَاسقين (التوبة: 96)

നിങ്ങളോടവർ സത്യം ചെയ്യുന്നത് നിങ്ങൾക്ക് അവരെപ്പറ്റി തൃപ്തിയാകുവാൻ വേണ്ടിയാണ്. ഇനി നിങ്ങൾക്ക് അവരെപ്പറ്റി തൃപ്തിയായാൽ തന്നെയും അല്ലാഹു അധർമ്മകാരികളായ ജനങ്ങളെപ്പറ്റി തൃപ്തിപ്പെടുകയില്ല; തീർച്ച. (തൗബ: 96)

7. ദുരാചാരം വ്യാപിപ്പിക്കാനും നന്മകളെ ഉന്മൂലനം ചെയ്യാനും ശ്രമിക്കുന്നവർ. മാത്രമല്ല ദൈവമാർഗത്തിൽ ചെലവഴിക്കാതെ മാറിനിൽക്കുന്നവർ.

അല്ലാഹു പറഞ്ഞു:

الْمنافقُونَ والْمنافقَات بعضهم من بعضٍ يأْمرونَ بِالْمنكَرِ وينهونَ عنِ الْمعروف ويقْبِضونَ أَيديهم نسوا اللـه فَنسِيهم إِن الْمنافقين هم الْفَاسقُونَ (التوبة: 67)

കപടവിശ്വാസികളും കപടവിശ്വാസിനികളും എല്ലാം ഒരേ തരക്കാരാകുന്നു. അവർ ദുരാചാരം കൽപിക്കുകയും, സദാചാരത്തിൽ നിന്ന് വിലക്കുകയും, തങ്ങളുടെ കൈകൾ അവർ പിൻവലിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവെ മറന്നു. അപ്പോൾ അവൻ അവരെയും മറന്നു. തീർച്ചയായും കപടവിശ്വാസികൾ തന്നെയാണ് ധിക്കാരികൾ. (തൗബ: 67)

8. കരാർ ലംഘകന്മാർ

മുനാഫിഖുകളുടെ കരാർ ലംഘന പരമ്പര ചരിത്രഗ്രന്ഥങ്ങളിൽ സുവിദിതമാണ്. അല്ലാഹു പറയുന്നു:

ومنهم من عاهد الله لَئن آتانا من فَضله لَنصدقَن ولَنكُونن من الصالحين * فَلَما آتاهم من فَضله بخلُـوا بِـه وتولوا وهم معرِضونَ * فَأَعقَبهم نِفَاقًا في قُلُوبِهِم إِلَى يومِ يلْقَونه بِما أَخلَفُوا الله ما وعـدوه وبِمـا كَـانوا يكْذبونَ (التوبة: 75-77)

അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് ഞങ്ങൾക്ക് നൽകുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ ദാനം ചെയ്യുകയും, ഞങ്ങൾ സജ്ജനങ്ങളുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുമെന്ന് അവനുമായി കരാർ ചെയ്ത ചിലരും ആ കൂട്ടത്തിലുണ്ട്. എന്നിട്ട് അവൻ അവർക്ക് തന്റെ അനുഗ്രഹത്തിൽ നിന്ന് നൽകിയപ്പോൾ അവർ അതിൽ പിശുക്ക് കാണിക്കുകയും, അവഗണിച്ചുകൊണ്ട് തിരിഞ്ഞുകളയുകയും ചെയ്തു. അവർ അവനെ കണ്ടുമുട്ടുന്ന ദിവസം (ന്യായവിധിയുടെ ദിവസം) വരെ അവരുടെ ഹൃദയങ്ങളിൽ കാപട്യമുണ്ടായിരിക്കുക എന്നതാണ് അതിന്റെ അനന്തരഫലമായി അവൻ അവർക്ക് നൽകിയത്. അല്ലാഹുവോട് അവർ ചെയ്ത വാഗ്ദാനം അവർ ലംഘിച്ചത് കൊണ്ടും, അവർ കള്ളം പറഞ്ഞിരുന്നതുകൊണ്ടുമാണത്. (തൗബ: 75, 76, 77)

9. എല്ലാ ഘട്ടത്തിലും വിശ്വാസികളെ അധിക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവർ.

അല്ലാഹു പറയുന്നു:

الذين يلْمزونَ الْمطوعين من الْمؤمنِين في الصدقَات والذين لَا يجِدونَ إِلَّا جهدهم فَيسخرونَ منهم سخر الله

منهم ولهم عذاب أليم (التوبة: 79)

സത്യവിശ്വാസികളിൽ നിന്ന് ദാനധർമ്മങ്ങൾ ചെയ്യാൻ സ്വയം സന്നദ്ധരായി വരുന്നവരെയും, സ്വന്തം അദ്ധ്വാനമല്ലാതെ മറ്റൊന്നും (ദാനം ചെയ്യാൻ) കണ്ടെത്താത്തവരെയും അധിക്ഷേപിക്കുന്നവരത്രെ അവർ. അങ്ങനെ ആ വിശ്വാസികളെ അവർ പരിഹസിക്കുന്നു. അല്ലാഹു അവരെയും പരിഹസിച്ചിരിക്കുകയാണ്. അവർക്ക് വേദനയേറിയ ശിക്ഷയാണുള്ളത്. (തൗബ: 79)

അതെ, മുസ്‌ലിംകളെ അവമതിക്കാൻ ഏത് സമയവും മുനാഫിഖുകൾ മുന്നിലായിരുന്നു. അവരുടെ നാവിൽ നിന്ന് രക്ഷപ്പെട്ട ഒരൊറ്റ മുസ്‌ലിമും ഇല്ല എന്നതാണ് നേര്. ആരെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ അധികം ചെലവഴിച്ചാൽ അവനെ ലോകമാന്യക്കാരനായി അധിക്ഷേപിക്കും! ആരെങ്കിലും തന്റെ കയ്യിലൊതുങ്ങിയ അൽപം സംഖ്യ ചെലവഴിക്കാനൊരുങ്ങിയാൽ, ഇവന്റെ നക്കാപിച്ച അല്ലാഹുവിനെന്തിന് എന്ന് ചോദിച്ച് പരിഹസിക്കും! കപടവിശ്വാസികളുടെ ഈ നികൃഷ്ട സ്വഭാവത്തേയാണ് ഈ ആയത്തിലൂടെ അല്ലാഹു വിമർശിക്കുന്നത്.

10. ദാനമായി ചെലവഴിക്കുന്നതിനെ ധനനഷ്ടമായിക്കാണുകയും, വിശ്വാസികൾക്ക് കാലക്കേടുകൾ വന്നു ഭവിക്കട്ടെ എന്ന് ആശിക്കുകയും ചെയ്യുന്നവർ.

മുനാഫിഖുകളുടെ മറ്റൊരു ദുഷ്ടമനസ്സാണിത്. അല്ലാഹു പറഞ്ഞു:

ومن الأعرابِ من يتخذُ ما ينفق مغرما ويتربص بِكُم الدوائر عليهم دائرةُ السوءِ والله سميع عليم (التوبة: 98)

തങ്ങൾ (ദാനമായി) ചെലവഴിക്കുന്നത് ഒരു ധനനഷ്ടമായി ഗണിക്കുകയും, നിങ്ങൾക്ക് കാലക്കേടുകൾ വരുന്നത് കാത്തിരിക്കുകയും ചെയ്യുന്ന ഒരു വിഭാഗം അഅ്റാബികളുടെ കൂട്ടത്തിലുണ്ട്. അവരുടെ മേൽ തന്നെയായിരിക്കട്ടെ ഹീനമായ കാലക്കേട്. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ. (തൗബ: 98)

11. ഖുർആനിക സൂക്തങ്ങൾ കേൾക്കുമ്പോൾ ഹൃദയത്തിൽ ദുഷ്ടത വർദ്ധിക്കുന്നവർ.

അല്ലാഹു പറഞ്ഞു:

وإذَا ما أُنزِلَت سورةٌ فَمنهم من يقُولُ أيكُم زادته هذه إيمانا فَأما الذين آمنوا فَزادتهم إيمانا وهم يستبشـ ـرونَ * وأما الذين في قُلُوبِهم مرض فَزادتهم رِجسا إِلَى رِجسِهم وماتوا وهم كَافرونَ (التوبة: 124-125)

(ഖുർആനിലെ) ഏതെങ്കിലും ഒരു അദ്ധ്യായം അവതരിപ്പിക്കപ്പെട്ടാൽ അവരിൽ ചിലർ പറയും: നിങ്ങളിൽ ആർക്കാണ് ഇത് വിശ്വാസം വർദ്ധിപ്പിച്ചു തന്നത്? എന്നാൽ സത്യവിശ്വാസികൾക്കാകട്ടെ, അതവരുടെ വിശ്വാസം വർദ്ധിപ്പിക്കുക തന്നെയാണ് ചെയ്തത്. അവർ (അതിൽ) സന്തോഷം കൊള്ളുകയും ചെയ്യുന്നു. എന്നാൽ മനസ്സുകളിൽ രോഗമുള്ളവർക്കാകട്ടെ അവർക്ക് അവരുടെ ദുഷ്ടതയിലേക്ക് കൂടുതൽ ദുഷ്ടത കൂട്ടിച്ചേർക്കുകയാണ് അത് ചെയ്തത്. അവർ സത്യനിഷേധികളായിരിക്കെത്തന്നെ മരിക്കുകയും ചെയ്തു. (തൗബ: 124,125)

12. സത്യത്തോട് പുറംതിരിഞ്ഞു നിൽക്കുകയും, അതിനോട് വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്യുന്നവർ.

അല്ലാഹു പറഞ്ഞു:

وإذَا ما أُنزِلَت سورةٌ نظَر بعضهم إِلَى بعضٍ هلْ يراكُم من أَحد ثُم انصرفُوا صرف الله قُلُوبهم بِأَنهم قَوم لَـا يفْقَهونَ (التوبة: 127)

ഏതെങ്കിലും ഒരു അദ്ധ്യായം അവതരിപ്പിക്കപ്പെട്ടാൽ അവരിൽ ചിലർ മറ്റു ചിലരെ, നിങ്ങളെ ആരെങ്കിലും കാണുന്നുണ്ടോ എന്ന ചോദ്യഭാവത്തിൽ നോക്കും. എന്നിട്ട് അവർ തിരിഞ്ഞുകളയുകയും ചെയ്യും അവർ (കാര്യം) ഗ്രഹിക്കാത്ത ഒരു ജനവിഭാഗമായതിനാൽ അല്ലാഹു അവരുടെ മനസ്സുകളെ തിരിച്ചുകളഞ്ഞിരിക്കുകയാണ്. (തൗബ: 127)

ചുരുക്കത്തിൽ, ആരാണ് സച്ചരിതരും നിഷ്കളങ്കരുമായ സ്വഹാബത്ത് എന്നും ആരാണ് അവർക്കിടയിൽ ജീവിച്ച കുതന്ത്രക്കാരായ മുനാഫിഖുകൾ എന്നും കൃത്യമായി വേർതിരിച്ച് മനസ്സിലാക്കാവുന്ന ലക്ഷണങ്ങളെ അല്ലാഹു സുബ്ഹാനഹു വ തആല വിശുദ്ധ ഖുർആനിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

എങ്കിൽ, അല്ലാഹുവിന്റെ തൃപ്തിക്കു പാത്രീഭൂതരാണെന്ന് ഏഴാകാശങ്ങൾക്കപ്പുറത്തു നിന്നും പ്രഖ്യാപിക്കപ്പെട്ട, മനുഷ്യ സമൂഹത്തെ നന്മയിലേക്ക് നയിക്കുന്ന ഉത്തമ ഉമ്മത്തായി വാർത്തെടുക്കപ്പെട്ട പ്രവാചക ശിഷ്യൻമാരുടെ മഹത്വം എത്രമാത്രം ഉന്നതമാണ്!

വസ്തുത ഇതായിരിക്കേ, ഹിദായത്തിന്റേയും പ്രകാശത്തിന്റേയും നേതാക്കൻമാരായ സ്വാഹാബികൾ വഴികേടിന്റേയും അധർമ്മത്തിന്റേയും ആളുകളായി പരിണമിക്കാൻ മാത്രം കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞത് എപ്പോഴാണ്?! കാപട്യം തീർത്ത ഭീരുത്വത്തിൽ പതുങ്ങിക്കഴിഞ്ഞ ഒരു ചെറുസംഘം പൊടുന്നനെ, ഇസ്‌ലാമിക വിജയങ്ങളുടെ മുന്നണിപ്പോരാളികളാകാൻ ധൈര്യമാർജ്ജിച്ചത് എവിടുന്നാണ്?! അല്ലാഹുവിന്റേയും റസൂലിന്റേയും സഹായികളായി നിലകൊണ്ട, പടച്ചവനുമായി നടത്തിയ സുശക്തമായ കരാറിനെ ഭംഗം വരാതെ കാത്തുസൂക്ഷിച്ച പ്രവാചകാനുചരന്മാരുടെ സംഭവബഹുലമായ ചരിത്രവുമായി, പ്രബോധനവഴിയിൽ വഞ്ചനക്കും, ഗൂഢവൃത്തികൾക്കും, പ്രതിലോമ പ്രവർത്തനങ്ങൾക്കും മാത്രം പേരുകേട്ട കപടസംഘത്തിന്റെ ചരിത്രത്തെ ഏത് വിധത്തിലാണ് ബന്ധിപ്പിക്കാനാവുക?! സ്വഹാബീ ശത്രുക്കളിൽ അലോസരമുണ്ടാക്കുന്ന ചോദ്യങ്ങളാണിവ.

മദീനത്ത്, കള്ളന്മാരും ദുർബലരുമായ മുനാഫിഖുകളുടെ സാന്നിധ്യമുണ്ടായിരുന്നു എന്നതിന്റെ പേരിൽ സത്യസന്ധരും യഥാർഥ വിശ്വാസികളുമായ സ്വഹാബീവൃന്ദത്തിനു മേൽ നിഫാഖ് (കാപട്യം) ആരോപിക്കാൻ തുനിയുന്ന ഒരാൾക്ക്, ഖുർആനിനേയും സുന്നത്തിനേയും, അറിയപ്പെട്ട ചരിത്ര യാഥാർഥ്യങ്ങളേയും നിഷേധിച്ചെങ്കിലല്ലാതെ അതിന് സാധിക്കുകയില്ല എന്നതാണ് ഈ പഠനത്തിലൂടെ നമുക്ക് കിട്ടുന്ന വ്യക്തമായ ചിത്രം.

## മുനാഫിഖുകളോടുള്ള സമീപനം

എന്തായിരിക്കണം മുനാഫിഖുകളോടുള്ള മുസ്‌ലിംകളുടെ സമീപനം? സന്മാർഗചാരികളായ സ്വഹാബത്തിനോട് നാം സ്വീകരിക്കുന്ന അതേ നിലപാടാണൊ കപടന്മാരോടും നാം സ്വീകരിക്കേണ്ടത്? ഇത്തരം സംശയങ്ങൾക്ക് വിശുദ്ധ ഖുർആൻ കൃത്യമായി മറുപടി നൽകുന്നുണ്ട്. അല്ലാഹുവിനേയും അല്ലാഹുവിന്റെ റസൂലിനേയും വിശ്വാസീ സമൂഹത്തേയും തകർക്കാനും ശത്രുക്കൾക്ക് ഒറ്റു കൊടുക്കാനും ആവുന്നതെല്ലാം ചെയ്ത കപടവിശ്വാസികളെ എങ്ങിനെ കൈകാര്യം ചെയ്യണമെന്ന് നബി(സ്വ) ക്ക് ലഭിച്ച ഖുർആനിക നിർദ്ദേശങ്ങൾ കാണുക:

1. അവരോട് സമരം ചെയ്യുക, കർക്കശനിലപാട് സ്വീകരിക്കുക

يا أيها النبي جاهد الْكُفار والْمنافقين واغْلُظْ عليهم ومأْواهم جهنم وبِئْس الْمصير (التوبة: 73)

നബിയേ, സത്യനിഷേധികളോടും, കപടവിശ്വാസികളോടും സമരം ചെയ്യുകയും, അവരോട് പരുഷമായി പെരുമാറുകയും ചെയ്യുക. അവർക്കുള്ള സങ്കേതം നരകമത്രെ. ചെന്നുചേരാനുള്ള ആ സ്ഥലം വളരെ ചീത്തതന്നെ. (തൗബ: 73)

മുനാഫിഖുകളോട് ഒരു മൃദുല നിലപാടും സ്വീകരിക്കേണ്ടതില്ലെന്നും വളരെ കാർക്കശ്യത്തോടെത്തന്നെയാണ് അവരോട് പെരുമാറേണ്ടതെന്നും ഈ വചനം മനസ്സിലാക്കിത്തരുന്നു. അതേ സമയം, വിശ്വാസികളോട് പുലർത്തേണ്ട സമീപനത്തെ സംബന്ധിച്ച് ഖുർആൻ ഉപദേശിക്കുന്നത് എന്താണ്? അല്ലാഹു പറഞ്ഞു:

واخفض جناحك لمن اتبعك من الْمؤمنين (الشعراء: 215)

നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറക് നീ താഴ്ത്തികൊടുക്കുക. (ശുഅറാഅ്:215)

2. അവർക്ക് പാപമോചനത്തിന് പ്രാർഥിക്കാതിരിക്കുക

മുനാഫിഖുകൾ അല്ലാഹുവിന്റെ മാപ്പിനും കനിവിനും അർഹരല്ല. അതു കൊണ്ടു തന്നെ അവർക്കുവേണ്ടി മാപ്പിരക്കാൻ പാടുള്ളതല്ല എന്ന നിർദ്ദേശം അല്ലാഹു നബി(സ്വ)ക്ക് നൽകുകയുണ്ടായി. അല്ലാഹു പറഞ്ഞു:

استغفر لَهم أَو لَا تستغفر لَهم إِنْ تستغفر لَهم سبعين مرةً فَلَن يغفر الله لَهم ذَلك بِأَنهم كَفَروا بِالله ورسـوله والله لَا يهدي الْقَوم الْفَاسقين (التوبة: 80)

(നബിയേ,) നീ അവർക്ക് വേണ്ടി പാപമോചനം തേടിക്കൊള്ളുക. അല്ലെങ്കിൽ അവർക്ക് വേണ്ടി പാപമോചനം തേടാതിരിക്കുക. നീ അവർക്ക് വേണ്ടി എഴുപത് പ്രാവശ്യം പാപമോചനം തേടിയാലും അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല. അവർ അല്ലാഹുവിലും അവന്റെ

ദൂതനിലും അവിശ്വസിച്ചത് കൊണ്ടത്രെ അത്. ധിക്കാരികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല. (തൗബ: 80)

വീണ്ടും ഒരു സൂക്തം കൂടി:

سواءٌ علَيهم أَستغفَرت لَهم أَم لَم تستغفر لَهم لَن يغفر الله لَهم إِن الله لَا يهدي الْقَوم الْفَاسقين (المنافقون: 6)

നീ അവർക്ക് വേണ്ടി പാപമോചനത്തിന് പ്രാർത്ഥിച്ചാലും പ്രാർത്ഥിച്ചിട്ടില്ലെങ്കിലും അവരെ സംബന്ധിച്ചിടത്തോളം സമമാകുന്നു. അല്ലാഹു ഒരിക്കലും അവർക്കു പൊറുത്തുകൊടുക്കുകയില്ല. തീർച്ചയായും അല്ലാഹു ദുർമാർഗികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല. (മുനാഫിഖൂൻ: 6)

എന്നാൽ, നിഷ്കളങ്കരായ സത്യവിശ്വാസികൾക്കുവേണ്ടി പാപമോചനം തേടേണ്ടതുണ്ടെന്നാണ് നബിതിരുമേനി(സ്വ)യോട് ഖുർആൻ ആവശ്യപ്പെട്ടത്:

فَاعلَم أَنه لَا إِلَه إِلَّا الله واستغفر لذَنبِك وللْمؤمنِين والْمؤمنات والله يعلَم متقَلَّبكُم ومثْواكُم (محمد: 19)

ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനംതേടുക.) നിങ്ങളുടെ പോക്കുവരവും നിങ്ങളുടെ താമസവും അല്ലാഹു അറിയുന്നുണ്ട്.

റസൂലിന് ബൈഅത്ത് ചെയ്ത സ്ത്രീകൾക്കു വേണ്ടി മാപ്പുതേടാൻ അല്ലാഹു പ്രവാചകനോട് ആവശ്യപ്പെടുന്ന സൂക്തം കാണുക:

فَبايِعهن واستغفر لَهن الله إِن الله غَفُور رحيم (الممتحنة: 12)

നീ അവരുടെ പ്രതിജ്ഞ സ്വീകരിക്കുകയും, അവർക്കു വേണ്ടി പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (മുംതഹിന: 12)

3. അവരുടെ ജനാസ നമസ്കരിക്കരുത്, അവരുടെ ഖബറിന്നരികിൽ നിൽക്കുക പോലും ചെയ്യരുത്.

അല്ലാഹു പറഞ്ഞു:

ولَا تصل علَى أَحد منهم مات أَبدا ولَا تقُم علَى قَبرِه إِنهم كَفَروا بِالله ورسوله وماتوا وهم فَاسقُونَ (التوبـة: 84)

അവരുടെ കൂട്ടത്തിൽ നിന്ന് മരണപ്പെട്ട യാതൊരാളുടെ പേരിലും നീ ഒരിക്കലും നമസ്കരിക്കരുത്. അവന്റെ ഖബ്റിന്നരികിൽ നിൽക്കുകയും ചെയ്യരുത്. തീർച്ചയായും അവർ അല്ലാഹുവിലും അവന്റെ ദൂതനിലും അവിശ്വസിക്കുകയും, ധിക്കാരികളായിക്കൊണ്ട് മരിക്കുകയും ചെയ്തിരിക്കുന്നു. (തൗബ: 84)

അല്ലാഹുവിൽ നിന്ന് ലഭിച്ച ഈ ഉപദേശത്തിനു ശേഷം നബി(സ്വ) ഒരു മുനാഫിഖിന്റേയും ജനാസ നമസ്കരിക്കുകയോ, അവരുടെ ഖബറിന്നരികിൽ നിൽക്കുകയോ ചെയ്തിട്ടില്ല. എന്നാൽ സത്യവിശ്വാസികളുടെ ജനാസ നമസ്കരിക്കാനും അവരുടെ പാപമോചനത്തിന്നായി പ്രാർഥിക്കാനും നബി(സ്വ) അതീവ ശുഷ്കാന്തി കാണിച്ചതായുള്ള പ്രവാചകവചനങ്ങൾ നമുക്ക് നിരവധി നിരത്താനാകും. അനിഷേധ്യമായ സംഗതിയാണത്.

മുനാഫിഖുകളോടുള്ള സമീപനത്തെ സംബന്ധിച്ച് ഖുർആൻ പ്രവാചകന്ന് നൽകിയ മറ്റൊരു ഉപദേശം കാണുക:

فَإِنْ رجعك الله إِلَى طَائفَة منهم فَاستأْذَنوك للْخروجِ فَقُلْ لَن تخرجوا معي أَبدا ولَن تقَاتلُوا معي عدوا إِنكُـم رضيتم بِالْقُعود أَولَ مرة فَاقْعدوا مع الْخالفين (التوبة: 82)

ഇനി (യുദ്ധം കഴിഞ്ഞിട്ട്) അവരിൽ ഒരു വിഭാഗത്തിന്റെ അടുത്തേക്ക് നിന്നെ അല്ലാഹു (സുരക്ഷിതനായി) തിരിച്ചെത്തിക്കുകയും, അനന്തരം (മറ്റൊരു യുദ്ധത്തിന് നിന്റെ കൂടെ) പുറപ്പെടാൻ അവർ സമ്മതം തേടുകയും ചെയ്യുന്ന പക്ഷം നീ പറയുക: നിങ്ങളൊരിക്കലും എന്റെ കൂടെ പുറപ്പെടുന്നതല്ല. നിങ്ങൾ എന്റെ കൂടെ ഒരു ശത്രുവോടും യുദ്ധം ചെയ്യുന്നതുമല്ല.

തീർച്ചയായും നിങ്ങൾ ആദ്യത്തെപ്രാവശ്യം ഒഴിഞ്ഞിരിക്കുന്നതിൽ തൃപ്തി അടയുകയാണല്ലോ ചെയ്തത്. അതിനാൽ ഒഴിഞ്ഞിരുന്നവരുടെ കൂടെ നിങ്ങളും ഇരുന്ന് കൊള്ളുക. (തൗബ: 82)

ഇക്കാര്യത്തിൽ വിശ്വാസികളോടുള്ള പ്രവാചക സമീപനമാകട്ടെ മറിച്ചായിരുന്നു. അവരെ യുദ്ധത്തിന് പ്രോത്സാഹിപ്പിക്കണമെന്ന നിർദ്ദേശമാണ് തിരുമേനിക്ക് ഖുർആൻ നൽകുന്നത്.

فَقَاتِلْ في سبِيلِ الله لَا تكلف إِلا نفْسك وحرضِ الْمؤمِنِين (النساء: 84)

എന്നാൽ( നബിയേ, ) നീ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്തു കൊള്ളുക. നിന്റെ സ്വന്തം കാര്യമല്ലാതെ നിന്നോട് ശാസിക്കപ്പെടുന്നതല്ല. സത്യവിശ്വാസികളിൽ നീ പ്രേരണ ചെലുത്തുകയും ചെയ്യുക. (നിസാഅ്: 84)

സത്യവിശ്വാസികളോടും കപടവിശ്വാസികളോടും സ്വീകരിക്കേണ്ടുന്ന നിലപാടുകളിലെ ഈ കൃത്യമായ വേർതിരിവ് അവർ തമ്മിലുള്ള വിശാലമായ വ്യത്യാസത്തെ മനസ്സിലാക്കിത്തരുന്നുണ്ട്. ഈ മാനദണ്ഡങ്ങൾ വെച്ചു തന്നെയാകണം രണ്ടുകൂട്ടരേയും മുസ്‌ലിംകൾ വിലയിരുത്തേണ്ടതും സമീപനങ്ങൾ സ്വീകരിക്കേണ്ടതും.

ചരിത്രം പറയുന്നത്, മുനാഫിഖുകൾ ഒരു നിലക്കും മുസ്‌ലിംകളുടെ നേതൃസ്ഥാനത്ത് വന്നിട്ടേയില്ല എന്നാണ്. വിശ്വാസികളാൽ ബഹിഷ്കൃതരായും അവഗണിക്കപ്പെട്ടും കഴിഞ്ഞുകൂടിയ ഒരു വിഭാഗമായിരുന്നു അവർ. മുസ്‌ലിം ഉമ്മത്തിൽ യാതൊരു തരത്തിലുള്ള സ്വാധീനവും ചെലുത്താനായിട്ടില്ലാത്ത കപടവിശ്വാസികൾ എന്നും സത്യസന്ധരായ ധീരമുജാഹിദുകളുടെ കുതിരക്കാൽകീഴിൽ ചവിട്ടിയരക്കപ്പെട്ടിട്ടേയുള്ളൂ. എന്നിട്ടും, സ്വഹാബീവൈരികൾ പറയുന്നു, പ്രവാചക സഹാബത്ത് ഈ നിന്ദ്യരെപ്പോലെ കപടന്മാരായിരുന്നുവെന്ന്!! പ്രവാചകതിരുമേനിയുടെ മരണം നടന്നയുടൻ, ആ വിശുദ്ധദേഹം മറമാടിയതോടെ സ്വഹാബികളൊന്നടങ്കം മത ഭ്രഷ്ടിലേക്ക് നടന്നു നീങ്ങി എന്നു പറഞ്ഞാൽ, ഇതിലും നികൃഷ്ടമായ ഒരു വ്യാജാരോപണം മുസ്‌ലിം ഉമ്മത്തിന് കേൾക്കാനുണ്ടോ?! വ്യാജവാദികളുടെ മേൽ ദൈവകോപമുണ്ടാകട്ടെ എന്ന് പ്രാർഥിക്കാനേ നമുക്കാകൂ.